# നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും

മത്തായി 6, 21

# വിചിന്തനം

ഡിസംബർ 2025

തോമസിന്റെയും തെരേസിന്റെയും വിവാഹം എട്ടുവർഷം മുൻപായിരുന്നു. അവർക്കു മൂന്നു മക്കളുമുണ്ട്. ജീവിതത്തിൽ സ്വന്തമാക്കേണ്ട സുഖസൗകര്യങ്ങളെക്കുറിച്ച് അവർ സ്വപ്നങ്ങൾ പങ്കുവച്ചു. താത്പര്യങ്ങൾ പലതും സുഖലോലുപതയിൽ കേന്ദ്രീകൃതമായിരുന്നു നല്ലൊരു വീട്, അവധിക്കാല യാത്രകൾ, ആഘോഷങ്ങൾ, അതിനു ചേർന്ന സുഹൃത്തുക്കൾ എന്നിങ്ങനെ. എന്നാൽ കുഞ്ഞുങ്ങളുടെ വരവോടെ അവരുടെ ജീവിതമാകെ മാറിമറിഞ്ഞു. ജോലിയിലെ സമ്മർദവും കുട്ടികളെ നോക്കുന്നതിലെ ഉത്തരവാദിത്വങ്ങളുമെല്ലാം ഇരുവരും തമ്മിലുള്ള ബന്ധത്തെ ഞെരുക്കിത്തുടങ്ങി. തോമസ് പതിയെ ഫോണിന് അടിമയായപ്പോൾ താങ്ങാനാകാത്ത ജോലിഭാരം തെരേസിനെ തളർത്തിക്കളഞ്ഞു. ഇരുവരും തമ്മിലുള്ള സംഘർഷം വളർന്നുകൊണ്ടേയിരുന്നു. അപ്പോഴാണ് ദൈവത്തിന്റെ ഇടപെടലെന്നവണ്ണം ഒരു സുഹൃത്ത് അവരെ ജീസസ് യൂത്ത് ഫാമിലി ഗ്രൂപ്പിലേക്കു ക്ഷണിക്കുന്നത്. ഈ ഒത്തുവരവ് അവരുടെ ബന്ധത്തെ രൂപാന്തരപ്പെടുത്തുന്ന ഒന്നായി മാറി. തങ്ങളുടെ കുടുംബജീവിതത്തിലെ യഥാർഥ നിധിയെന്താണെന്ന് കണ്ടെത്താൻ അത് അവരെ സഹായിച്ചു. ആ കൂട്ടായ്മയിലൂടെ തങ്ങളുടെ മുൻഗണനകളിൽ മാറ്റം വരുത്താനും അച്ചടക്കവും പരസ്പരൈക്യവും നിറഞ്ഞ ജീവിതം നയിക്കാനും അവർ പതിയെ പഠിച്ചു.

ഈ ദമ്പതികളെപ്പോലെ സന്തോഷത്തിനായി ദാഹിക്കുന്ന ഒരു ഹൃദയത്തോടെയാണ് ദൈവം എല്ലാവരെയും സൃഷ്ടിച്ചിരിക്കുന്നത്. സ്നേഹിക്കാനും സേവനംചെയ്യാനും വിശുദ്ധിയിൽ ജീവിക്കാനും ആഗ്രഹമുള്ളപ്പോൾത്തന്നെ നമ്മുടെ ഹൃദയം നിശബ്ദമായി സുഖസന്തോഷങ്ങളും തേടിക്കൊണ്ടിരിക്കും. കൂടെക്കൂടെ ഫോണിൽ നോക്കാനും ഇഷ്ടഭക്ഷണം ഒന്നുകൂടി രുചിക്കാനും വിനോദപരിപാടികളിൽ മുഴുകാനുമെല്ലാം നാം വെമ്പൽകൊള്ളും. എന്നാൽ ഭക്ഷണത്തിനോ മറ്റു സുഖങ്ങൾക്കോ മാത്രമല്ല, നമ്മുടെ ദാഹം. ജീവിതത്തിന് അർഥം കണ്ടെത്താനും സൗന്ദര്യം തെരയാനും കൂട്ടായ്മയിലായിരിക്കാനുമെല്ലാം നമ്മുടെ ഹൃദയം ദാഹിക്കാറുണ്ട്. വിശുദ്ധമായ ഈ ദാഹത്തെ കാത്തുസൂക്ഷിക്കുകയും വളർത്തിയെടുക്കുകയാണ് വ്യക്തിപരമായ രൂപീകരണത്തിൽ ഏറ്റവും പ്രധാനം. നമുക്ക് മുൻപത്തേതിനേക്കാൾ കൂടിയ ശൂന്യത സമ്മാനിക്കുന്ന ചെറിയ സംതൃപ്തികൾക്കു കീഴ്പ്പെടാതിരിക്കാൻ അത് നമ്മെ സഹായിക്കും.

ദൈവവചനധ്യാനം നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും ഇച്ഛയെ ശക്തിപ്പെടുത്തുകയും ആഗ്രഹങ്ങളെ പക്വമായ രീതിയിൽ നയിക്കാൻ പ്രാപ്തമാക്കുകയും ചെയ്യുന്നു. യേശു പറഞ്ഞു, ''നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും.'' ഹൃദയം എപ്പോഴും അത് വിലമതിക്കുന്നതിനെ പിന്തുടരുന്നു. നമുക്ക് ആഗ്രഹങ്ങളുണ്ടോ എന്നതല്ല ചോദ്യം. എന്താണ് നാം ഏറ്റവും കൂടുതലായി ആഗ്രഹിക്കുന്നത് എന്നതാണ്. കൂട്ടായ്മയേക്കാൾ സുഖസൗകര്യങ്ങൾക്കും പ്രയത്നത്തേക്കാൾ എളുപ്പവഴികൾക്കും ശാന്തതയേക്കാൾ ഉത്തേജനങ്ങൾക്കും പ്രാധാന്യം നൽകുന്ന ഇന്നത്തെ സംസ്കാരത്തിൽ നമ്മുടെ ബുദ്ധിയെയും ഇച്ഛാശക്തിയെയും നാം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. അപ്പോൾ അവ നമ്മുടെ വികാരങ്ങളെ യഥാർഥത്തിൽ പ്രയോജനമുള്ള കാര്യങ്ങളിലേക്കു നയിക്കും. അനശ്വരതയിലേക്കു സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ആത്മാവിനെ വെറും നൈമിഷികമായ സുഖങ്ങളാൽ പരിപോഷിപ്പിക്കാൻ ശ്രമിച്ചാൽ അത് തളർന്നുപോകുമെന്നതിൽ സംശയമില്ല. ബോറടിക്കുന്നു എന്നു നാം വിളിക്കുന്ന അവസ്ഥ, താളംതെറ്റിയ ദാഹങ്ങളുടെ ലക്ഷണമാണ്.

ആധുനിക ശാസ്ത്രം ഇത് വ്യക്തമാക്കുന്നുണ്ട്. ഓരോ സ്ക്രോളും ലൈക്കും നോട്ടിഫിക്കേഷനും നമ്മിൽ ഡോപ്പമിന്റെ (സന്തോഷമുണ്ടാക്കുന്ന ഹോർമോൺ) സ്ഫുരണങ്ങളുണ്ടാക്കുന്നു.

എന്നാൽ അമിതമായ ഉത്തേജനം യഥാർഥ ആനന്ദം അനുഭവിക്കാനുള്ള നമ്മുടെ കഴിവിനെ ഇല്ലാതാക്കുകയാണ്. പഴയകാലത്തെ സന്യാസികൾ ഈ അവസ്ഥയെ വിളിച്ചിരുന്നത് അസീഡിയ അഥവാ ആത്മാവിന്റെ വിഷാദം എന്നാണ്. നന്മയായതിനെ സമീപിക്കാനുള്ള ഹൃദയത്തിന്റെ മടുപ്പ്.

ആഗ്രഹങ്ങൾക്കുമേൽ അച്ചടക്കം പാലിക്കുക എന്നത് വളരെ പ്രധാനമാണെന്നു പറയാൻ കാരണമിതാണ്. കത്തോലിക്കാ രൂപീകരണത്തിന്റെ കാതലായ ഭാവമാണിത്. രൂപീകരണം എന്നു പറയുന്നത് തത്വപഠനമോ ശുശ്രൂഷകളോ മാത്രമല്ല, നാം എന്തിനെ, എങ്ങനെ സ്നേഹിക്കുന്നു എന്നതിനെ പരുവപ്പെടുത്തലാണ്. ആഗ്രഹങ്ങളുടെ അച്ചടക്കം എന്നാൽ ശരിയായ കാര്യങ്ങൾക്കായി ദാഹിക്കാൻ കഴിയുക എന്നാണ്. നമ്മുടെ ഇച്ഛയെ ശുദ്ധീകരിക്കാനും ഹൃദയവിചാരങ്ങളെ സ്ഥിരപ്പെടുത്താനും ദൈവത്തെ അനുവദിക്കുക. വിശുദ്ധർ നമുക്കു കാണിച്ചു തരുന്നത് ആത്മനിയന്ത്രണം എന്നാൽ ആഗ്രഹങ്ങളുടെ നിഷേധമല്ല, മറിച്ച് അവയുടെ വീണ്ടെടുപ്പാണ് എന്നാണ്.

ലോകത്തിൽ നിന്നുള്ള ഒളിച്ചോട്ടമല്ല നമുക്ക് വേണ്ടത്. ആരോഗ്യകരമായ ഒരു സന്തുലിതാവസ്ഥയാണ്. സ്വാതന്ത്ര്യമാകുന്ന പാതയിൽ മധ്യഭാഗത്തുകൂടിയുള്ള യാത്ര. സൃഷ്ടികളെ തള്ളിപ്പറയാനല്ല ദൈവം നമ്മോട് ആവശ്യപ്പെടുന്നത്. വ്യക്തതയോടെയും ലക്ഷ്യബോധത്തോടെയും സൃഷ്ടികളോടൊപ്പം ജീവിക്കാനാണ്. അച്ചടക്കമുള്ള ഒരു ഹൃദയം നല്ലകാര്യങ്ങൾക്ക് അടിപ്പെട്ടുപോകാതെ അവയെ ആസ്വദിക്കാൻ പഠിക്കും. നാം കൃതജ്ഞതയോടെയും മിതത്വത്തോടെയും സ്വീകരിക്കുമ്പോൾ ഭക്ഷണം, വിനോദം, ക്രിയാത്മകത എന്നിവയെല്ലാം വിശുദ്ധിയിലേക്കുള്ള മാർഗങ്ങളായി മാറും. സന്തുലിതാവസ്ഥ നമ്മെ സ്വതന്ത്രരും അതേസമയം സ്ഥിരതയുള്ളവരായും നിലനിർത്തും. ഈ ലോകത്തെ ദൈവത്തിന്റെ സമ്മാനമായി കണ്ടു സ്നേഹിക്കാൻ പാകത്തിന് സ്ഥിരതയുള്ളവരും എന്നാൽ ഈ ലോകത്തിന്റെ നിയന്ത്രണത്തിനു വിധേയപ്പെടാത്തവിധം സ്വതന്ത്രരും.

നാം ആഗ്രഹങ്ങളെ രൂപപ്പെടുത്തുന്നതും വഴിനയിക്കുന്നതും സ്നേഹത്തിന്റെ കൊച്ചു പ്രവൃത്തികളിലൂടെയും നിയന്ത്രണങ്ങളിലൂടെയുമാണ്. വിശപ്പിനെ സ്വാതന്ത്ര്യം പരിശീലിപ്പിക്കാൻ നാം ഉപവസിക്കുന്നു. ദൈവത്തെ കേൾക്കാനും പ്രാർഥിക്കാനുമായി ഫോൺ മാറ്റിവയ്ക്കുമ്പോൾ നാം അവന്റെ സാന്നിധ്യത്തിലേക്ക് ശ്രദ്ധതിരിക്കുന്നു. ചിന്തയിലും പ്രവൃത്തിയിലും സത്യസന്ധത പുലർത്തുമ്പോൾ നമ്മുടെ വികാരങ്ങൾ സമഗ്രവും സജീവവുമാകുന്നു. ഓരോ പ്രവൃത്തിയും സ്നേഹത്തിന്റെ പരിശീലനമാകുന്നു. നമ്മുടെ ഹൃദയം സന്തോഷം കണ്ടെത്തുന്ന വഴികൾ പുനർനിർവചിക്കപ്പെടുന്നു. ജീസസ് യൂത്ത് മുന്നേറ്റത്തിലെ ഫോർമേഷൻ സംബന്ധിച്ചാണെങ്കിൽ അത് ഏറ്റവും ഫലപ്രദമാകുന്നത് കോഴ്സുകളും അസൈൻമെന്റുകളും പഠനവും വ്യക്തിപരമായ അച്ചടക്കത്തോടൊപ്പം ചേരുമ്പോഴാണ്.

ഫോർമേഷനായി നീക്കിവച്ചിരിക്കുന്ന ഈ മാസം നമ്മുടെ യഥാർഥ സമ്പത്തിനായി യേശുവിനെ സ്വീകരിക്കാൻ കഴിയുമോ ? നമ്മുടെ എല്ലാ ആഗ്രഹങ്ങളെയും അവനുചുറ്റുമായി ക്രമീകരിക്കാനാകുമോ ? എല്ലാ ആഗ്രഹങ്ങളെയും ക്രമപ്പെടുത്തുന്ന കേന്ദ്രമാകാൻ, നമ്മുടെ ഹൃദയത്തിന്റെ യഥാർത്ഥ സമ്പത്താകാൻ യേശുവിനെ അനുവദിക്കാമോ? അപ്പോൾ ഉപവാസത്തിന്റെ അർഥം ഭക്ഷണത്തിലെ നിയന്ത്രണം എന്നുമാത്രമല്ല, എല്ലാവിധ അലോസരങ്ങളെയും മാറ്റിനിർത്തുക എന്നാകും. വിശ്രമം എന്നാൽ സ്വസ്ഥമായിരിക്കുക എന്നല്ല, മറിച്ച് ദൈവസന്നിധിയിലിരുന്ന് ആത്മപരിശോധനയ്ക്കുള്ള സമയം എന്നായി മാറും. അതുവരെ പ്രധാനപ്പെട്ടതായി തോന്നിയ പലതിനെയും വിട്ടുകളയുമ്പോൾ നമുക്കുണ്ടാകുന്ന വേദനയും ശൂന്യതയുമെല്ലാം പ്രാർഥനയായി മാറണം. അവിടെയാണ് സ്നേഹം പക്വത പ്രാപിക്കുന്നത്. വിശുദ്ധിയെന്നാൽ ആഗ്രഹങ്ങളില്ലാതിരിക്കുന്ന അവസ്ഥയല്ല, മറിച്ച് ഏറ്റവും സംതൃപ്തി നൽകുന്നതിനെ, അതായത് ദൈവത്തെത്തന്നെ ആഗ്രഹിക്കാനുള്ള കൃപയാണ്.

‘‘നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും.’’ നമ്മുടെ സമ്പാദ്യം അവനിലാകട്ടെ. വിശുദ്ധമായ ആഗ്രഹങ്ങൾ വളർത്തിയെടുക്കാൻ നമ്മുടെ ഹൃദയങ്ങൾ വീണ്ടും പഠിക്കട്ടെ.